ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ബിഹാറിലെ മോത്തിഹാരിയിൽ 7,200 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു.

   **The Prime Minister inaugurates multiple development projects worth over 7,200 crore rupees at Motihari, Bihar.**

2. ഭീകരതയ്ക്കും വിഭാഗീയതയ്ക്കും എതിരെ നിലകൊള്ളുക എന്ന ലക്ഷ്യം കൂടി ഷാങ്ഹായ് സഹകരണ സംഘടനയ്ക്കുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ.

   **Standing against terrorism and separatism also one of the objectives of the Shanghai Cooperation Organization, said External Affairs Minister S. Jaishankar.**

3. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് മലപ്പുറം നിലമ്പൂരിൽ അമൽ കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിലെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.

   **Union Minister for State George Kurian to attend Graduation ceremony at Amal College of Advanced Studies in Nilambur, Malappuram Today.**

4. കോട്ടയം പുതുപ്പള്ളിയിൽ ഉമ്മൻ ചാണ്ടി സ്മൃതിസംഗമം ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉദ്ഘാടനം ചെയ്തു. ജനവികാരം മനസിലാക്കുന്ന രാഷ്ട്രീയ നേതാവായിരുന്നു ഉമ്മൻ ചാണ്ടിയെന്ന് രാഹുൽ ഗാന്ധി.

**Lok Sabha Opposition leader Rahul Gandhi Inaugurates former Chief Minister of Kerala Oommen Chandy's Memorial function in Puthuppally, Kottayam.**

5. ഇന്ത്യൻ നാവികസേനയുടെ ആദ്യ തദ്ദേശീയ ഡൈവിംഗ് സപ്പോർട്ട് വെസൽ ഐഎൻഎസ് നിസ്റ്റാറിൻറെ കമ്മീഷനിങ് ഇന്ന് വിശാഖപട്ടണത്ത്.

**Indian Navy to commission its first indigenous diving support vessel, INS Nistar in Visakhapatnam today.**

6. കേരളത്തിൽ അതിതീവ്ര മഴയ്ക്ക് സാധ്യത. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy Rain alert in Kerala. Red Alert warning issued in Wayanad, Kannur, and Kasaragod districts Today.**
**Fishing Ban along Kerala, Karnataka, and Lakshadweep coasts till July 21.**

******************

## PM-BIHAR-WB

പ്രധാനമന്ത്രി നരേന്ദ്രമോദി ബിഹാറിലെ മോത്തിഹാരിയിൽ 7,200 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു. സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കുകൾ, റോഡ് പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നാല് പുതിയ അമൃത് ഭാരത് ട്രെയിനുകളും പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്തു. ബിഹാർ സന്ദർശനം പൂർത്തിയാക്കി അദ്ദേഹം ഇന്ന് പശ്ചിമ ബംഗാളിൽ ദുർഗാപൂരിൽ 5,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

******************

## DEFENCE- MISSILES

ആണവ ശേഷിയുള്ള ഹ്രസ്വ ദൂര ബാലിസ്റ്റിക് മിസൈലുകളായ പൃഥ്വി-II, അഗ്നി-I എന്നിവ ഇന്ത്യ വിജയകരമായി പരീക്ഷിച്ചു. ഒഡിഷ തീരത്തെ ചാന്ദിപ്പൂരിലായിരുന്നു വിക്ഷേപണം. പരീക്ഷണം വിജയകരമായിരുന്നുവെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. 350 കിലോമീറ്റർ ദൂരപരിധിയുള്ള പൃഥ്വി-II മിസൈലിന് 500 കിലോഗ്രാം വരെ ഭാരം വഹിക്കാൻ കഴിയും. 700-900 കിലോമീറ്റർ ദൂര പരിധിയുള്ള അഗ്നി-I മിസൈലിന് 1,000 കിലോഗ്രാം ഭാരം വഹിക്കാൻ കഴിയും. പരീക്ഷണ വിജയത്തിൽ കരസേനയേയും DRDOയെയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു.

*******************

## INS NISTAR

ഇന്ത്യൻ നാവികസേനയുടെ ആദ്യത്തെ തദ്ദേശീയ ഡൈവിംഗ് സപ്പോർട്ട് വെസലായ ഐഎൻഎസ് നിസ്റ്റാർ ഇന്ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും. വിശാഖപട്ടണത്തെ ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ് ലിമിറ്റഡ് തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച കപ്പൽ, പ്രതിരോധ മേഖലയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേക്കുള്ള സുപ്രധാന ചുവടുവയ്പ്പാണ്.

*******************

## Jaishankar (INTRO)

ഭീകരതയ്ക്കും വിഭാഗീയതയ്ക്കും എതിരെ നിലക്കൊള്ളുക എന്ന ലക്ഷ്യം കൂടി ഷാങ്ഹായ് സഹകരണ സംഘടനയ്ക്കുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ചൈനയിലെ ടിയാൻജിനിൽ SCO വിദേശകാര്യമന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജമ്മു കശ്മീരിലെ വിനോദസഞ്ചാര മേഖലയെ തകർക്കുകയെന്ന ലക്ഷ്യം കൂടി പഹൽഗാം ഭീകരാക്രമണത്തിന് പിന്നിലുണ്ടെന്നും ശ്രീ.ജയശങ്കർ പറഞ്ഞു.

(വോയിസ്)

*******************

## NADDA- HEALTH

ആരോഗ്യപൂർണ്ണമായ ഇന്ത്യയ്ക്കായി സമഗ്ര ചികിത്സാ സൗകര്യങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്ന് കേന്ദ്രമന്ത്രി ജെ.പി.നഡ്ഡ. ന്യൂഡൽഹിയിൽ ഒരു പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തുടനീളം 1.77 ലക്ഷം ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ നിർമ്മിച്ചിട്ടുണ്ട്. നഗരങ്ങളിൽ മാത്രമല്ല ഗ്രാമീണ മേഖലയിലുൾപ്പെടെ ഇവ പ്രവർത്തിക്കുന്നുണ്ടെന്നും ശ്രീ ജെ.പി.നഡ്ഡ പറഞ്ഞു.

*******************

## J-KSWACHH BHARAT RANKINGS

2024 സ്വച്ഛ് സർവേക്ഷൺ റാങ്കിങ്ങിൽ മികച്ച മുന്നേറ്റവുമായി ജമ്മു കശ്മീർ . ജമ്മു കശ്മീരിലെ ഏറ്റവും ശുചിത്വമുള്ള നഗരമായി ജമ്മു മുനിസിപ്പൽ കോർപറേഷൻ. മാലിന്യമുക്ത നഗരത്തിനുള്ള ത്രീ സ്റ്റാർ പദവിയും ജമ്മു സ്വന്തമാക്കി . മാലിന്യം കൈകാര്യം ചെയ്യുക, ശുചിത്വ അടിസ്ഥാന സൗകര്യങ്ങൾ ജനങ്ങളെ ബോധവൽക്കരിക്കുക തുടങ്ങിയ സുസ്ഥിര പരിശ്രമങ്ങൾക്കുള്ള പുരസ്കാരവും ജമ്മുവിന് ലഭിച്ചു.

*******************

## AMARNATH YATRA

ജമ്മു കശ്മീരിലെ കാലാവസ്ഥ മോശമായതിനെത്തുടർന്ന് ഇന്നലെ താൽക്കാലികമായി നിർത്തിവച്ച അമർനാഥ് തീർത്ഥാടനം ഇന്ന് പുനഃരാരംഭിച്ചു . കാലാവസ്ഥ മെച്ചപ്പെട്ടതിനെത്തുടർന്ന് ജമ്മു ബേസ് ക്യാമ്പിലെ ഭഗവതി നഗറിൽ നിന്ന് തീർത്ഥാടകരുടെ പതിനേഴാമത് സംഘത്തിന് യാത്രാ അനുമതി നല്കിയതായി അധികൃതർ അറിയിച്ചു. 335 വാഹനങ്ങളിലായി 9,500 പേരാണ് യാത്ര തിരിച്ചത്. അടുത്തമാസം ഒൻപതു വരെയാണ് തീർത്ഥാടനം.

*******************

## GOVT - ALL PARTY MEETIN

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് ഈ മാസം 21 ന് തുടക്കമാകും. സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം മറ്റെന്നാൾ ചേരും. ഇരുസഭകളിലും നടപടികൾ സുഗമാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടുകയാണ് യോഗത്തിൻറെ ലക്ഷ്യം. വർഷകാല സമ്മേളനം അടുത്ത മാസം 21 വരെ തുടരും.

*******************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ

124 -ാം പതിപ്പാണിത്. നരേന്ദ്ര

മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും, MY GOV ഓപ്പൺ ഫോറത്തിലൂടെയും, നമോ ആപ്പിലൂടെയും, 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും അറിയിക്കാം.

*******************

## INDIA - PAK TRF

പാകിസ്ഥാൻ ആസ്ഥാനമായുള്ള ഭീകര സംഘടനയായ ലഷ്കർ-ഇ-തൊയ്ബയുടെ ഭാഗമായ റെസിസ്റ്റൻസ് ഫ്രണ്ടിനെ വിദേശ ഭീകര സംഘടനയായി പ്രഖ്യാപിക്കാനുള്ള അമേരിക്കയുടെ തീരുമാനത്തെ ഇന്ത്യ സ്വാഗതം ചെയ്തു. പഹൽഗാം ആക്രമണം ഉൾപ്പെടെ നിരവധി ഭീകര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംഘടനയാണ്, ടിആർഎഫ്. അമേരിക്കയുടെ ഈ തീരുമാനം ഇന്ത്യ-യുഎസ് ഭീകരവിരുദ്ധ സഹകരണത്തെ ദൃഢമാക്കുമെന്ന് വിദേശകാര്യ മന്ത്രി എസ് ജയ് ശങ്കർ പറഞ്ഞു.

*******************

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് മലപ്പുറം നിലമ്പൂരിൽ അമൽ കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിലെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. കോളേജിലെ നൈപുണ്യ വികസന കേന്ദ്രം സന്ദർശിക്കുന്ന അദ്ദേഹം പെൺകുട്ടികളുടെ ഹോസ്റ്റലും ഉദ്ഘാടനം ചെയ്യും. മന്ത്രി വി അബ്ദുറഹിമാൻ പരിപാടിയിൽ പങ്കെടുക്കും.

*******************

## RAIN -KERALA

കേരളത്തിൽ അതിതീവ്ര മഴയ്ക്ക് സാധ്യത. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രതയും ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നല്കിയിട്ടുണ്ട്. മലയോര മേഖലകളിൽ ജാഗ്രതാ കർശനമാക്കി. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*******************

## Kasargod-Mazha (INTRO)

ശക്തമായ മഴ തുടരുന്ന കാസർഗോഡ് ജില്ലയിലെ നദികളിലെല്ലാം ജലനിരപ്പ് ക്രമാതീതമായി ഉയരുകയാണ്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ.**

(വോയ്സ്)

*******************

## Rahul Gandhi

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ രണ്ടാം ചരമവാർഷികത്തോട് അനുബന്ധിച്ച് കെപിസിസിയുടെ നേതൃത്വത്തിൽ നടക്കുന്ന സ്മൃതി സംഗമം ലോകസ്ഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പുതുപ്പള്ളിയിൽ ഉദ്ഘാടനം ചെയ്യു. ഉമ്മൻചാണ്ടി ഫൗണ്ടേഷൻ നിർമ്മിച്ച് നൽകുന്ന 12 വീടുകളുടെ താക്കോൽ

ദാനവും കെപിസിസിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും രാഹുൽ ഗാന്ധി നിർവഹിച്ചു.

*******************

## Sadhanandan

നിയുക്ത രാജ്യസഭാ എം പി  സി സദാനന്ദൻ മാസ്റ്റർക്ക് തിരുവനന്തപുരം വിമാനത്താവളത്തിൽ ബിജെപി പ്രവർത്തകർ സ്വീകരണം നൽകി. ഇന്ന് നടക്കുന്ന ബിജെപി സംസ്ഥാന ഭാരവാഹി യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. രാജ്യസഭ എം പി എന്ന നിലയിലുള്ള ഉത്തരവാദിത്വവും ദൗത്യവും സമ്പൂർണ്ണമായി സാക്ഷാത്കരിക്കാൻ കഴിയുമെന്ന് സി സദാനന്ദൻ മാസ്റ്റർ പ്രത്യാശ പ്രകടിപ്പിച്ചു.

*******************

## SIVANKUTTY

കൊല്ലം തേവലക്കരയിൽ വിദ്യാർത്ഥി സ്കൂളിൽ ഷോക്കേറ്റ് മരിച്ച സംഭവത്തിൽ മാനേജ്മെൻറിന് കാരണം കാണിക്കൽ നോട്ടീസ് നല്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. മൂന്ന് ദിവസത്തിനകം രേഖാമൂലം വിശദീകരണം നൽകണമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.  മാനേജ്മെൻറ് നടപടി എടുത്തില്ലെങ്കിൽ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

*******************

## WRESTLING

ഹംഗറിയിൽ  നടക്കുന്ന ഗുസ്തി  ടൂർണമെന്റിൽ 65 കിലോഗ്രാം പുരുഷ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ ഇന്ത്യയുടെ സുജീത് കൽക്കൽ സ്വർണ്ണ മെഡൽ നേടി. അവസാന പോരാട്ടത്തിൽ, അസർബൈജാൻ താരത്തെയാണ് സുജീത് പരാജയപ്പെടുത്തിയത്. ഈ വർഷത്തെ  യുണൈറ്റഡ് വേൾഡ് റെസ്‌ലിംഗ് റാങ്കിംഗ് സീരീസ് മത്സരങ്ങളിലെ രാജ്യത്തിൻറെ ആദ്യ സ്വർണ്ണ മെഡലാണിത്. 57 കിലോഗ്രാം പുരുഷ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ  ഇന്ത്യയുടെ  രാഹുൽ വെങ്കല മെഡൽ നേടി.

*******************

## CHESS- ARJUN ERIGAISI

ലാസ് വെഗാസിൽ നടക്കുന്ന ചെസ്സ് ഫ്രീസ്റ്റൈൽ ഗ്രാൻഡ്സ്ലാമിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ അർജുൻ എരിഗൈസി സെമിഫൈനൽ ഉറപ്പിച്ചു. ക്വാർട്ടർ ഫൈനലിൽ ഉസ്ബെക്കിസ്ഥാൻ താരത്തെയാണ് പരാജയപ്പെടുത്തിയത്. ഇതോടെ ടൂർണമെന്റിൽ സെമിയിലെത്തുന്ന ആദ്യ ഇന്ത്യൻ താരം എന്ന ബഹുമതിയും അർജുൻ നേടി.

*******************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം.ബോംബെ ഓഹരി സൂചിക സെൻസെക്സ് 595 പോയിന്റ് താഴ്ന്നു 81,664 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 176 പോയിന്റ് നഷ്ടത്തിൽ 24,935 ലും വ്യാപാരം തുടരുന്നു.

സ്വർണവില കൂടി. സ്വർണം പവന് 72,880 രൂപയും,ഗ്രാമിന് 9,110 രൂപയുമാണ് ഇന്നത്തെ വില.

*******************

## SIMBEX-2025

ഇന്ത്യ -സിംഗപ്പൂർ ഉഭയകക്ഷി നാവിക അഭ്യാസമായ സിംബെക്സ് - 2025 നു തയ്യാറെടുത്ത് ഇന്ത്യൻ നാവിക സേന . ഇതിന്റെ ഭാഗമായി സിംഗപ്പൂരിലെത്തിയ ഇന്ത്യയുടെ തദ്ദേശ നിർമ്മിത നാവിക കപ്പലുകളായ ഐ എൻ എസ് ഡൽഹി, ഐ എൻ എസ് സത്പുര, ഐ എൻ എസ് കിൽറ്റൻ, ഐ എൻ എസ് ശക്തി എന്നിവയ്ക്ക് ഊഷ്മള വരവേൽപാണ് ലഭിച്ചത്.

*******************

***********

****